(എഫ്) ഈ യൂത്ത് സെന്ററുകൾ എല്ലാവിധ യുവജനക്ഷേമ പ്രവർത്തനങ്ങൾക്കും സഹായമാകുന്ന രീതിയിലായിരിക്കും പ്രവർത്തനം നടത്തുക. യൂത്ത് സെന്ററുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

വൻകിട-ചെറുകിട ജലസേചനപദ്ധതികളുടെ നിർമ്മാണം

25 (3424) ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വൻകിട-ചെറുകിട ജലസേചനപദ്ധതികളുടെ പണിയാണ് നടന്നുകൊണ്ടിരിക്കുന്നത്;

(ബി) കഴിഞ്ഞ പതിനഞ്ച് വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച ഏതെല്ലാം വൻകിട ജലസേചനപദ്ധതികളുടെ പണിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബാണാസുരസാഗർ ജലസേചനപദ്ധതിയുടെയും, ചമ്രവട്ടം ബ്രിഡ്ജ്-കം-റഗുലേറ്റർ പദ്ധതിയുടെയും പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവയുടെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്ത് പുതുതായി വൻകിട ചെറുകിട ജലസേചനപദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇതിനായി 2000-2001 വർഷത്തെ ബഡ്ജറ്റിൽ എന്ത് തുകയാണ് വകകൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൻകിട ഇടത്തരം ജലസേചനമേഖലയിൽ പഴശ്ശി, കാരാപ്പുഴ, കാഞ്ഞിരപ്പുഴ, കുറിയാർകുറ്റി-കാരപ്പാറ, അട്ടപ്പാടി, ബാണാസുരസാഗർ, തൃത്താലിയിലേക്കും ചമ്രവട്ടത്തെയും റഗുലേറ്റർ-കം-ബ്രിഡ്ജുകൾ, ഇടമലയാർ, മൂവാറ്റുപുഴ, കണക്കൻകടവിലെ റഗുലേറ്റർ-കം-ബ്രിഡ്ജ്, കല്ലട എന്നീ പദ്ധതികളുടേയും, ചെറുകിട ജലസേചനമേഖലയിൽ 537 പദ്ധതികളുടേയും (ക്ലാസ്സ്-1 വിഭാഗത്തിൽ 119, ലിഫ്റ്റ് ഇറിഗേഷൻ വിഭാഗത്തിൽ 100, നബാർഡിന്റെ സാമ്പത്തികസഹായത്തോടെ 261, യൂറോപ്യൻ സാമ്പത്തികസമൂഹത്തിന്റെ സഹായത്തോടെ 57) പണികളാണ് ഇപ്പോൾ നടന്നുവരുന്നത്.

(ബി) പഴശ്ശി, ഇടമലയാർ, മൂവാറ്റുപുഴ, കല്ലട എന്നീ വൻകിട ജലസേചനപദ്ധതികളുടെ പണികൾ നടന്നുവരുന്നു.

(സി) ബാണാസുരസാഗർ പദ്ധതികളുടെ പ്രധാന കനാലിന് ഉള്ള പര്യവേഷണജോലികളും സ്ഥലമെടുപ്പും പൂർത്തിയായിട്ടുണ്ട്. ഉപകനാലു

LIBRARY ARCHIVES Kerala Legislative Assembly

കൾക്കുള്ള പര്യവേഷണവും സ്ഥലമെടുപ്പും പുരോഗതിയിലാണ്. ചമ്രവട്ടത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിക്ക് 70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രാരംഭപണികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതക്കനുസൃതമായി പ്രസ്തുത പദ്ധതികൾ പത്താംപദ്ധതിയവസാനത്തിൽ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

(ഇ) ആന്റ് (എഫ്) വൻകിട-ഇടത്തരം ജലസേചനമേഖലയിൽ വാമനപുരം പദ്ധതികൾ പണി അടുത്ത സാമ്പത്തികവർഷം പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇതിനു പ്രത്യേകമായി തുക ഇപ്പോൾ വകകൊള്ളിച്ചിട്ടില്ല.

കവണക്കല്ല് ബ്രിഡ്ജ് -കം-റഗുലേറ്റർ ഷട്ടറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

26 (3425) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കവണക്കല്ല് ബ്രിഡ്ജ്-കം-റെഗുലേറ്റർ ഷട്ടറിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് എത്ര തുക അഡ്വാൻസ് നല്കിയിരുന്നു; ഇതിന് നിയമസാധ്യതയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അഡ്വാൻസ് നല്കിയിട്ടും സമയത്തുപണി തീരാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) ഈ പണിക്ക് ഉപയോഗിച്ച പെയിന്റ് ഉൾപ്പെടെയുള്ള സാധനങ്ങളുടെ ഗുണനിലവാരവും അളവും പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) ആവശ്യമായ ഘനം ഇല്ലാത്ത ഷീറ്റുകൾ ഉപയോഗിച്ചതിനെപ്പറ്റി റിപ്പോർട്ട് ലഭിച്ചിരുന്നോ;

എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) ഈ ജോലിയുടെ ചുമതല ഉണ്ടായിരുന്ന ഏതെങ്കിലും എൻജിനീയറെ സ്ഥലം മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഷട്ടർ നിർമ്മാണത്തിൽ നടക്കുന്നതായ അഴിമതികളെപ്പറ്റി സാങ്കേതിക വിദഗ്ദർ ഉൾപ്പെടുന്ന സമിതിയെക്കൊണ്ട് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 21.1.1997 ലെ സർക്കാർ ഉത്തരവ് പ്രകാരം കോൺട്രാക്ട് തുകയുടെ 30% ആയ 61,34,402 രൂപ സർക്കാർ സ്ഥാപനമായ 'കെല്ലിന്' അനുവദിച്ചിരുന്നു.

(ബി) സിവിൽ വർക്കുകൾ തീരുന്ന മുറയ്ക്കുതന്നെ റഗുലേറ്റർ ഷട്ടറുകളും സ്ഥാപിച്ചു കഴിഞ്ഞിരുന്നു. ഈ ഷട്ടറുകളുടെ ഹോയിസ്റ്റ് മെക്കാനിസത്തിന്റെയും ലോക്ക് ഷട്ടറുകളുടെയും പണി അവസാനഘട്ടത്തിലാണ് സിവിൽ പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് ഇവ ഘടിപ്പിയ്ക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) & (ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly